**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1110** **30-06-2022 - ൽ മറുപടിയ്ക്ക്**

**കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവളം മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കരിങ്കുളം വില്ലേജിൽ സർവ്വേ നമ്പർ 95/5ൽ പെട്ട ഒരേക്കർ സ്ഥലത്ത് മത്സ്യത്തൊഴിലാളികൾക്കായി ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 23.2.2022ന് പ്രസ്തുത മണ്ഡലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (എ) | കോവളം മണ്ഡലത്തിലെ കരിങ്കുളം വില്ലേജിൽ സർവ്വേ നമ്പർ 95/5-ൽ പെട്ട ഒരേക്കർ സ്ഥലം ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് അനുയോജ്യമാണെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഭൂമി റവന്യൂ വകുപ്പിൽ നിന്ന് ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ